പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.4297.

26.6.2014 -ൽ

മറുപടിയ്ക്ക്

## <u>വിദ്യാലയങ്ങളിൽ സ്കിൽഡ് പാർക്കുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സ്കിൽഡ് പാർക്കുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. നിയമസഭാ സാമാജികർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത്. ഇപ്രകാരം നിർദ്ദേശിച്ച സ്ഥലങ്ങളിൽ പരിശോധന നടന്നു വരുന്നു |
| (ബി) | സ്കിൽഡ് പാർക്കുകൾ വഴി എന്തെല്ലാം കാര്യങ്ങളാണ് വിദ്യാലയങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | അസാപ്പിന്റെ സ്കിൽ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി ഉദ്ദേശിക്കുന്നത്. |
| (സി) | സ്കിൽഡ് പാർക്കുകൾ വഴി സർക്കാർ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (സി) | ഈ സ്കിൽ പാർക്കുകളിലായിരിക്കും അസാപ്പിന്റെ എല്ലാ സ്കിൽ കോഴ്സുകളും, ആയതിന്റെ തിയറിയും പ്രായോഗിക പരിശീലന ക്ലാസ്സുകളും നടത്തുന്നത്. സ്മാർട്ട് ക്ലാസ് മുറികൾ വിവിധോദ്ദേശ്യ ലബോറട്ടറികൾ എന്നിവ ഈ സംരംഭത്തിന്റെ പ്രത്യേകതയാണ്. വിവിധോദ്ദേശ്യ ലബോറട്ടറികളിൽ വിവിധ കോഴ്സുകളുടെ പ്രായോഗിക പരിശീലനം നടത്തുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ സജ്ജീകരിക്കുന്നതായിരിക്കും.<br><br>ദിവസത്തിൽ 24 മണിക്കൂറും ആഴ്ചയിൽ 7 ദിവസവും പ്രവർത്തിക്കുന്ന തരത്തിൽ സ്കിൽ പാർക്കുകൾ പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആയതിൽ പങ്കാളികളാകാൻ സ്കിൽ പാർക്കിന് ചുറ്റുമുള്ള സാങ്കേതിക തൊഴിൽ പരിശീലന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സൗകര്യമൊരുക്കും. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ